അവരുടെ കടങ്ങൾക്ക് 5 വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ നിങ്ങൾ തയ്യാറുണ്ടോ എന്നാണ് എന്റെ ചോദ്യം. 5 വർഷം കൊണ്ട് ഇരട്ടിയാവുകയാണ് ഈ കടം. അതിന് കൂട്ടുപലിശ വേണ്ടെന്നുവച്ചാൽ ഗുണം വല്ലതുമുണ്ടോ ? അതു കൊണ്ട് ചെയ്യേണ്ടത് എടുത്ത കടം എത്രയാണെന്ന് മനസ്സിലാക്കിക്കൊണ്ട് ആ തുക മാത്രം എടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട ജോർജ് ഏഴ് മിനിറ്റിൽ ചോദിച്ച ചോദ്യങ്ങളിൽ ഏതിന് മറുപടി പറയണം. ഒരു ചോദ്യം ചോദിക്കാനാണ് അവകാശം. എങ്കിലും ഒരൊറ്റ കാര്യമാണ് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെക്കാൾ കൂടുതൽ ഉദാരമായി യു.ഡി.എഫ്. ഗവൺമെന്റ് കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ കൊടുത്തു എന്നു മാത്രമേ പറയുന്നുള്ളൂ. കൃഷിക്കാർക്ക് ബുദ്ധിമുട്ടുകളുണ്ട്. കൃഷിക്കാർ കൂടുതൽ ആശ്വാസം അർഹിക്കുന്നുണ്ട്. ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തിക കഴിവിനുള്ളിൽ നിന്ന് കൊണ്ട് ചെയ്യാവുന്നതിന്റെ മാക്സിമം കൃഷിക്കാർക്ക് വേണ്ടി ചെയ്യാമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(2) കെൽട്രോൺ കൗണ്ടേഴ്സ് പുനരുദ്ധരിക്കുന്നതിനും പൊതു മേഖലയിൽ നിലനിർത്തുന്നതിനും നടപടി

ശ്രീ. എം. എ. വാഹീദ് : സർ, തിരുവനന്തപുരം ജില്ലയിൽത്തന്നെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളുള്ളത് എന്റെ നിയോജക മണ്ഡലത്തിലാണ്. ആസ്പിരിൻ പ്ലാന്റ് അടഞ്ഞ് കിടക്കുകയാണ്. അതിന് ജീവനിടാൻ തന്നെ വലിയ പാടാണ്. പിന്നെയൊന്ന് കെൽട്രോൺ കൗണ്ടേഴ്സ് ആണ്. കേന്ദ്ര സർക്കാരിന്റെ പ്രതിരോധ വകുപ്പിനു വേണ്ടി ആയുധ സാധനങ്ങൾ ഉണ്ടാക്കുന്ന, സ്പെയർ പാർട്സ് നിർമ്മിക്കുന്ന സ്ഥലം കൂടിയാണ് കെൽട്രോൺ കൗണ്ടേഴ്സ്. അതിപ്പോൾ അടച്ചു പൂട്ടൽ ഭീഷണിയിലാണ്. 1974-ൽ തുടങ്ങിയ സ്ഥാപനത്തിൽ മുന്നൂറ്റിപ്പത്ത് ജീവനക്കാർ ഉണ്ടായിരുന്നു. അതിൽ നൂറ്റിമുപ്പത്തിയെട്ടു പേരും വി.ആർ.എസ്. വാങ്ങി പോയി. അവർക്ക് ആറു മാസത്തെ ശമ്പളം ഇപ്പോൾ കുടിശ്ശികയുണ്ട്. വി.ആർ.എസ്സിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ശേഷിക്കുന്ന നൂറ്റി നാല്പത് ജീവനക്കാർക്ക് കഴിഞ്ഞ ആറു മാസമായി ശമ്പളം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥാപനം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം വന്നിരിക്കുന്നതുകൊണ്ട് ഇത് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാണുന്ന വ്യവസായ സ്ഥാപനം എന്നുള്ള നിലയിൽ ഇത് നിലനിർത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. എല്ലാ സ്ഥലത്തും തൊഴിലാളികൾ ആനുകൂല്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നവരാണ്. തൊഴിലാളികൾ യൂണിയൻ ഭേദമെന്യേ അവരുടെ ആനുകൂല്യം സറണ്ടർ ചെയ്തുകൊണ്ട് ഈ സ്ഥാപനം നിലനിർത്തുന്നതിന് ആവശ്യമായ ഒത്താശ ചെയ്തു കൊടുക്കാം എന്നു പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രത്യേക സ്വഭാവ വിശേഷമുള്ള തൊഴിലാളികളുള്ള സ്ഥലമാണ് അത്. സാധാരണ സ്ഥലങ്ങളിൽനിന്നും വിപരീതമായി കാര്യം നേടുന്നതിനും അവിടെ സമരമില്ല. അവിടെ സഹകരണമാണ്. അതുകൊണ്ട് ആ സ്ഥാപനം നിലനിർത്തണമെന്നതാണ് അവിടുത്തെ ജനങ്ങളുടെ ആവശ്യം. അത് നിലനിർത്തുവാൻ വേണ്ടി സർക്കാർ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കെൽട്രോൺ കൗണ്ടേഴ്സ് 1993 മുതൽ തുടർച്ചയായി വളരെ നഷ്ടമുണ്ടാക്കി മോശമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു കമ്പനിയാണ്. 1993-ൽത്തന്നെ ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്തതാണ്. അതു ബി.ഐ.എഫ്.ആറി-ലൊക്കെ ഇത് അടച്ചു പൂട്ടണം; ഇനി ഇത് നിലനിർത്താൻ കഴിയുകയില്ല, എന്നുള്ള നിലയിൽ വിധികളുണ്ടായി. പക്ഷേ സർക്കാർ സഹായത്തോടുകൂടി നിലനിന്നു പോകുകയാണ്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവിടെ പ്രശ്നമൊന്നുമില്ലെന്ന് പറയാനുള്ള കാരണം അവിടെയുള്ള എല്ലാവർക്കും അതിന്റെ അപകടം അറിയാം. കാരണം അതിന്റെ സാങ്കേതിക വിദ്യയും മറ്റു കാര്യങ്ങളുമൊക്കെ കാലഹരണപ്പെട്ടതുകൊണ്ട് ഈ കമ്പനി നിലനിർത്തി കൊണ്ടുപോകുക എന്നുള്ളത് വളരെ പ്രയാസമുള്ള കാര്യമാണ് എന്നുള്ള നിലയിലാണ് വന്നിരിക്കുന്നത്. ഏതായാലും യൂണിയനുകളുടെയൊക്കെ സഹായത്തോടുകൂടി വി.ആർ.എസ്. പർച്ച് ചെയ്തു. മുഴുവൻ തൊഴിലാളികളെയും സഹായിക്കുവാനുള്ള പദ്ധതി അനുസരിച്ച് സഹായിക്കുവാൻ വേണ്ടിയുള്ള തീരുമാനമായിട്ടുണ്ട്. ഇടയ്ക്ക് ജോയിന്റ് സെക്ടറിലോ മറ്റോ തുടരാൻ പറ്റുമോ എന്നു ഗവൺമെന്റ് ശ്രമിച്ചുനോക്കി. എന്നാൽ ഇതുവരെ അതിൽ തീരുമാനമൊന്നുമായിട്ടില്ല. ഇനി ഒറ്റ വഴി ഇത് കേന്ദ്ര ഗവൺമെന്റിന്റെ പ്രതിരോധ വകുപ്പ് ഏറ്റെടുക്കുക എന്നതു മാത്രമേയുള്ളൂ. ഇപ്പോൾ ഗവൺമെന്റ് അതിനുവേണ്ടി കാര്യമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിരോധ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇത് വലിയ പ്രശ്നമൊന്നുമല്ല. അതിനനുസരിച്ച് ഞങ്ങൾ നിവേദനം നടത്തി ഫോളോ-അപ് ചെയ്തുവരുന്നു. ഒരു ടീം വന്നു പരിശോധിച്ചു. ആ റിപ്പോർട്ട് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് എല്ലാ ആശ്രയവും നൽകുക, എന്തെങ്കിലും ചെയ്യുക എന്നുള്ളതാണ്.

ശ്രീ. എം. എ. വാഹീദ്: വി.ആർ.എസ്സിൽ പിരിഞ്ഞു പോയ തൊഴിലാളികൾക്കും ഇവിടെ ഇപ്പോൾ നിലവിലുള്ള തൊഴിലാളികൾക്കും ആറു മാസമായി ശമ്പളമില്ലാത്ത സ്ഥിതിവിശേഷമാണ്; ആനുകൂല്യങ്ങൾ കിട്ടാത്ത സ്ഥിതി വിശേഷമാണ്. അടിയന്തിര സഹായം എന്നുള്ള നിലയിൽ അവിടുത്തെ ജീവനക്കാർക്ക് നിത്യവൃത്തി കഴിഞ്ഞു പോകുവാൻ എന്തെങ്കിലും സഹായം ചെയ്യാൻ സർക്കാരിന് കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇപ്പോൾ പത്തു മാസത്തെ ശമ്പള കുടിശ്ശിക കൊടുക്കുവാനുണ്ട്. അതിനായി ഇരുപത്തിമൂന്നു ലക്ഷം രൂപ കൊടുക്കണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. അതിൽ ഉടനെ നടപടി എടുക്കും.

LIBRARY ARCHIVES Kerala Legislative Assembly